IT

## പതിമൂന്നാം കേരള നിയമസഭ

## 12-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 710** 03.12.2014-ൽ മറുപടിയ്ക്ക്

### ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | സംസ്ഥാനത്ത് ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ സംബന്ധിച്ച നിലവിലെ മാനദണ്ഡം നിശ്ചയിച്ചത് എന്നാണെന്ന് വിശദമാക്കാമോ; | എ & ബി | സംസ്ഥാനത്തെ ആശുപത്രി ജീവനക്കാരുടെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന തസ്തികകളിലെ യോഗ്യതകൾ സംബന്ധിച്ച മാനദണ്ഡം നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന സ്പെഷ്യൽ റൂൾസ്/ എക്സിക്യൂട്ടീവ് ഓർഡർ പ്രകാരമാണ്. ആരോഗ്യ വകുപ്പിൽ ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ്, ലിഫ്റ്റ് ഓപ്പറേറ്റർ & ടെലിഫോൺ അറ്റന്റന്റ്, സാർജന്റ് എന്നീ തസ്തികകളിൽ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടെങ്കിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള മറ്റു പല തസ്തികകൾക്കും സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭരണപരമായ പല ബുദ്ധിമുട്ടുകളും നേരിടുന്ന ആയതിനാൽ സർക്കാർ 20.01.2014 ലെ 25466/എച്ച്2/11/ആകുവ നമ്പർ കത്ത് പ്രകാരം സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത തസ്തികകളുടെ കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കി അംഗീകൃത സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത 12 തസ്തികകളുടെ കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കി ജീവനക്കാരുടെ അംഗീകൃത സർവ്വീസ് സംഘടനകളുമായി ആരോഗ്യ വകുപ്പ് ഡയറക്ടർ 24.11.2014-ന് ചർച്ച നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. മറ്റ് തസ്തികകളുടെ സ്പെഷ്യൽ റൂൾസിന്റെ കരട് ആരോഗ്യ രംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് ജീവനക്കാരുടെ യോഗ്യതകൾ നിർണ്ണയിച്ച് കാലോചിതമായി പരിഷ്ക്കരിച്ച് എത്രയും വേഗം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി | ആരോഗ്യ വിദ്യാഭ്യാസരംഗത്തുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ കാലോചി തമായി പരിഷ്ക്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ